# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1572 — 10/02/2020-ൽ മറുപടിയ്ക്ക്

## ലൈഫ് ഭവന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| എ) | ലൈഫ് ഭവന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ സംസ്ഥാനത്ത് എത്ര വീടുകൾ പൂർത്തിയായിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | എ) | ലൈഫ് ഭവന പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ സംസ്ഥാനത്ത് 52009 വീടുകൾ പൂർത്തിയായിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |
| ബി) | ഇതിനായി എത്ര തുക പ്രാദേശിക ഭരണകൂടങ്ങൾ ചെലവഴിച്ചിട്ടുണ്ട്; എത്ര തുക സർക്കാർ ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 564.88 കോടി രൂപയും സംസ്ഥാന സർക്കാർ 105 കോടി രൂപയുമാണ് ഒന്നാംഘട്ട പദ്ധതിക്കായി ചെലവഴിച്ചിട്ടുള്ളത്. |
| സി) | പദ്ധതിയ്ക്കായി സർക്കാർ ഏതെങ്കിലും തരത്തിലുള്ള വായ്പ ബാങ്കുകളിൽ നിന്ന് ലഭ്യമാക്കി നൽകിയിട്ടുണ്ടോ; എങ്കിൽ വായ്പാ തിരിച്ചടവ് പൂർണ്ണമായും സർക്കാർ തന്നെ വഹിക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ടോ; എത്ര തുകയാണ് ഇത്തരത്തിൽ തിരിച്ചടവിനായി വേണ്ടി വരുന്നത്; വ്യക്തമാക്കുമോ; | സി) | ഒന്നാംഘട്ട പദ്ധതിക്കായി വായ്പ ലഭ്യമാക്കിയിട്ടില്ല. |
| ഡി) | അർഹരായ ഗുണഭോക്താക്കളെ ലൈഫ് ഭവന പദ്ധതിയുടെ ലിസ്റ്റിൽ നിന്നും ഒഴിവാക്കി | ഡി) | അർഹരായ ഗുണഭോക്താക്കളെ ലൈഫ് ഭവന പദ്ധതിയുടെ ലിസ്റ്റിൽ നിന്നും ഒഴിവാക്കി പക്ഷപാതപരമായിട്ടാണ് പട്ടിക |

| | | | |
|---|---|---|---|
| | പക്ഷപാതപരമായിട്ടാണ് പട്ടിക തയ്യാറാക്കിയിട്ടുള്ളതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | തയ്യാറാക്കിയിട്ടുള്ളതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

| ക്രമ നം. | ജില്ലയുടെ പേര് | ഒന്നാം ഘട്ടം (പൂർത്തീകരിക്കുവാനുണ്ടായിരുന്ന വീടുകളുടെ പൂർത്തീകരണം) | | |
|---|---|---|---|---|
| | | പൂർത്തീകരിക്കാനുണ്ടായിരുന്ന വീടുകളുടെ എണ്ണം | പൂർത്തീകരിച്ച വീടുകളുടെ എണ്ണം | ശതമാനം % |
| 1 | തിരുവനന്തപുരം | 6096 | 6041 | 99.1 |
| 2 | കൊല്ലം | 3662 | 3609 | 98.55 |
| 3 | പത്തനംതിട്ട | 1198 | 1171 | 97.75 |
| 4 | കോട്ടയം | 1136 | 1093 | 96.21 |
| 5 | ആലപ്പുഴ | 2793 | 2708 | 96.96 |
| 6 | ഇടുക്കി | 3181 | 3007 | 94.53 |
| 7 | എറണാകുളം | 1066 | 1057 | 99.16 |
| 8 | തൃശ്ശൂർ | 3121 | 2987 | 95.71 |
| 9 | പാലക്കാട് | 8091 | 7531 | 93.08 |
| 10 | മലപ്പുറം | 2780 | 2723 | 97.95 |
| 11 | കോഴിക്കോട് | 6648 | 6402 | 96.3 |
| 12 | വയനാട് | 8803 | 8238 | 93.58 |
| 13 | കണ്ണൂർ | 2677 | 2636 | 98.47 |
| 14 | കാസർഗോഡ് | 2921 | 2806 | 96.06 |
| | ആകെ | 54173 | 52009 | 96.01 |

സെക്ഷൻ ഓഫീസർ